DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11-09-2018

# കാർഷികമേഖലാവാർത്തകൾ

## റബ്ബർകൃഷി ധനസഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു

റബ്ബർ ആവർത്തനക്കൃഷിക്കും പുതുക്കൃഷിക്കും റബ്ബർകൃഷി വികസനപദ്ധതിപ്രകാരമുള്ള ധനസഹായത്തിന് റബ്ബർബോർഡ് അപേക്ഷ ക്ഷണിച്ചു. 2017-ൽ കൃഷിചെയ്ത സ്ഥലത്തിന്റെ ആവശ്യമായ വിശദാംശങ്ങളും രേഖകളുമടക്കം അപേക്ഷയുടെ രണ്ടു കോപ്പികൾ വീതം ബന്ധപ്പെട്ട റബ്ബർബോർഡ് റീജിയണൽ ഓഫീസിലോ ഡെവലപ്മെന്റ് ഓഫീസിലോ 2018 ഒക്ടോബർ 31-നകം ലഭിച്ചിരിക്കണം. റബ്ബർബോർഡിന്റെ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാം. കേരളവും തമിഴ്നാടും ഉൾപ്പെടുന്ന പരമ്പരാഗതമേഖലയിൽ, ഈ വർഷം കൃഷി ചെയ്യുന്നതുൾപ്പെടെ രണ്ടു ഹെക്ടറിൽ കവിയാതെ റബ്ബർകൃഷിയുള്ള കർഷകർക്ക് പരമാവധി ഒരു ഹെക്ടർ വരെ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്യുന്നതിന് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ആവർത്തനക്കൃഷിക്കും പുതുക്കൃഷിക്കും ഹെക്ടർ ഒന്നിന് സർട്ടിഫൈഡ് നടീൽവസ്തുക്കൾക്ക് നൽകുന്ന 5000 രൂപയുൾപ്പെടെ 25,000 രൂപയാണ് ധനസഹായനിരക്ക്. പട്ടികജാതി വിഭാഗത്തിൽപെട്ട കർഷകർക്ക് സർട്ടിഫൈഡ് നടീൽവസ്തുക്കൾക്ക് നൽകുന്ന 5000 രൂപയുൾപ്പെടെ 40,000 രൂപ ധനസഹായം ലഭിക്കും.

ഭാരതത്തിന്റെ വടക്കുകിഴക്കൻ മേഖലയുൾപ്പെടെയുള്ള പരമ്പരാഗതമല്ലാത്ത മേഖലകളിൽ, ഈ വർഷം കൃഷി ചെയ്യുന്നതുൾപ്പെടെ അഞ്ചു ഹെക്ടറിൽ കവിയാതെ റബ്ബർകൃഷിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടർ വരെ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ ചെയ്യുന്നതിന് ധനസഹായത്തിന് അർഹതയുായിരിക്കും. ആവർത്തനക്കൃഷിക്കും പുതുക്കൃഷിക്കും ഹെക്ടർ ഒന്നിന് സർട്ടിഫൈഡ് നടീൽവസ്തുക്കൾക്ക് നൽകുന്ന 5000 രൂപയുൾപ്പെടെ 40,000 രൂപയാണ് ധനസഹായനിരക്ക്. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുമായോ ഫീൽഡ് ഓഫീസുമായോ ബന്ധപ്പെട്ടാൽ മതിയാകും. അല്ലെങ്കിൽ റബ്ബർബോർഡ് കോൾസെന്ററിന്റെ 0481-2576622 എന്ന  നമ്പരിലോ ബന്ധപ്പെടുക.

## അക്ഷയശ്രീ അവാർഡ്-2018 10 -ാ മത്

സരോജിനി-ദാമോദരൻ ഫൗണ്ടേഷൻ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള 10-ാം മത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവ കർഷകന് ഒരുലക്ഷം രൂപയും ജില്ലാതലത്തിൽ 25,000 രൂപ വീതമുള്ള 14 ജില്ലാഅവാർഡുകളും 10,000 രൂപ വീതമുള്ള 28 പ്രോത്സാഹന സമ്മാനങ്ങളും കൂടാതെ പ്രായമായ പരമ്പരാഗത ജൈവകർഷകർ, ഔഷധ സസ്യകൃഷി, മട്ടുപ്പാവ് കൃഷി, വിദ്യാർഥികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർക്കു അനുയോജ്യമായ പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. അപേക്ഷ നവംബർ 30- ന് മുൻപായി ലഭിച്ചിരിക്കണം. മൂന്നു വർഷത്തിനുമേൽ പൂർണ്ണമായും ജൈവഭക്ഷണ കൃഷി ചെയ്യുന്ന കൃഷിക്കാരെയാണ്

അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിരീതിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും എഴുതണം. അപേക്ഷ അയക്കേണ്ട വിലാസം കെ.വി.ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രേീകോവിൽ, മുഹമ്മ.പി.ഒ., ആലപ്പുഴ-688525, ഫോൺ -9447114526.

## റബ്ബറിന് ഇലകൾ കിളിർക്കാൻ യൂറിയ ചേർക്കാം

തുടർച്ചയായി നീണ്ടുനിന്ന മഴയും ഈർപ്പമുള്ള സാഹചര്യങ്ങളും മൂലം അകാലിക ഇലകൊഴിച്ചിൽ രൂക്ഷമായതിനെത്തുടർന്ന് പലയിടങ്ങളിലും ഈ വർഷം റബ്ബറിന്റെ ഇലകൾ 60 ശതമാനത്തോളം കൊഴിഞ്ഞുപോയിട്ടുണ്ട്. ഇത് റബ്ബറുത്പാദനത്തെയും മരത്തിന്റെ ആരോഗ്യത്തെയും ബാധിക്കുമെന്നതിനാൽ പുതിയ ഇലകൾ ഉണ്ടായിവരുന്നത് വേഗത്തിലാക്കേണ്ടതുണ്ട്. ഇതിന് ഹെക്ടർ ഒന്നിന് 20 കി.ഗ്രാം എന്ന കണക്കിൽ യൂറിയ ചേർത്തുകൊടുക്കുന്നത് പ്രയോജനം ചെയ്യുമെന്ന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം അറിയിക്കുന്നു. യൂറിയ രണ്ടു മരങ്ങളുടെ ഇടയിൽ വിതറുകയാണ് വേണ്ടത്. സാധാരണ വളപ്രയോഗശുപാർശയ്ക്ക് പുറമെയാണിത്. യൂറിയ കൊടുത്ത് രണ്ടാഴ്ച കഴിയുമ്പോൾ സാധാരണ വളപ്രയോഗത്തിന്റെ രണ്ടാമത്തെ ഗഡുവും ഇട്ടുകൊടുക്കാം. ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ ഹെക്ടറൊന്നിന് 30 കി.ഗ്രാം യൂറിയ, 50 കി.ഗ്രാം രാജ്ഫോസ്, 25 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർത്താണ് രണ്ടാമത്തെ ഗഡു വളം ചെയ്യേണ്ടത്.